# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2000 — 05.12.2018-ന് മറുപടിയ്ക്ക്

## നരേന്ദ്രൻ കമ്മീഷൻ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. കെ. ബഷീർ :** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സംവരണ വിഭാഗങ്ങൾക്ക് പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ ഉണ്ടാകുന്ന നഷ്ടം കണ്ടെത്തുന്നതിനും അവരുടെ സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്തുന്നതിനും കുറവ് ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും നിയോഗിച്ച നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പിന്നാക്ക വിഭാഗങ്ങൾക്കും സംവരണം ഉണ്ടായിരുന്നിട്ടു പോലും അർഹിക്കുന്ന പ്രാതിനിധ്യം സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രിത സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ലഭ്യമായിട്ടില്ലെന്നതായിരുന്നു നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ കാതലായ കണ്ടെത്തൽ.<br><br>പിന്നാക്ക വിഭാഗങ്ങൾക്ക് നീക്കിവെക്കപ്പെട്ട ഉദ്യോഗങ്ങൾ അവർക്ക് തന്നെ ലഭ്യമാകുന്നു വെന്ന് ഉറപ്പ് വരുത്തുന്നതിന് നിയമന ചട്ടങ്ങളിൽ 02.02.2006-ലെ സ.ഉ.(പി)നം.08/2006/ പജപവവിവ പ്രകാരം ഭേദഗതി വരുത്തി. സർക്കാർ കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും പ്രവേശനത്തിന് 20% സംവരണം പിന്നാക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തി. |
| (ബി) ഒന്നാം ഗസറ്റഡ് തസ്തിക മുതൽ മുകളിലേക്ക് സംവരണ വിഭാഗം ജീവനക്കാരുടെ എണ്ണം എടുത്തിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; ഓരോ വകുപ്പ് തിരിച്ച്, തസ്തിക തിരിച്ച് വിശദാംശം നൽകുമോ ; ആയത് മൊത്തം ജീവനക്കാരുടെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |

(....2)

(സി) കാലാകാലങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് ഉന്നത തസ്തികകളിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ എന്തെല്ലാമാണ്;

(സി) പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ NCA (No Candidates Available) എന്ന നിലയിൽ വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

(ഡി) കെ.എ.എസ് നടപ്പിലാക്കുമ്പോഴും രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ഒഴിവാക്കുന്നത് മൂലം ഉണ്ടാകുന്ന സംവരണ വിഭാഗ ജീവനക്കാരുടെ പ്രാതിനിധ്യകുറവ് എങ്ങനെ നികത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ഡി) കെ.എസ്. ആന്റ് എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാണ്.

Bindu.T

സെക്ഷൻ ഓഫീസർ